# ആരാണ് സ്നാനം ഏല്ക്കേണ്ടത്?

സ്നാനം ആവശ്യപ്പെടുന്ന ചിലർ സ്നാനത്തിനു തയ്യാറായവരല്ല, സ്നാനപ്പെടുവാൻ മടിക്കുന്ന ചിലർ വിചാരിക്കുന്നതു തങ്ങൾക്കു സ്നാനത്തിൽ സംഭവിക്കുന്ന മാറ്റം വന്നുകഴിഞ്ഞു എന്നാണ്.

**എപ്പോഴാണ് ഒരാൾ സ്നാനത്തിനു തയ്യാറാകുന്നത്?**

യുവത്വത്തിലേക്കു പ്രവേശിക്കാത്ത കുട്ടികൾ സ്നാനത്തിനു ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ സ്നാനം കൊടുക്കുന്നവർ എപ്പോഴും കുഴങ്ങിപോകാറുണ്ട്. സ്നാനം ആവശ്യപ്പെടുന്ന വ്യക്തിയുടെ പ്രായം ബൈബിളിൽ പറയുന്നില്ല. യേശു ദൈവാലയത്തിൽ പന്ത്രണ്ടു വയസ്സായിരുന്നപ്പോൾ പോയതുകൊണ്ട് ചിലർ വിശ്വസിക്കുന്നതു പന്ത്രണ്ടുവയസ്സുള്ള കുട്ടികൾക്കു സ്നാനം കൊടുക്കാം എന്നാണ് (ലൂക്കൊസ് 2:42). ആ സമയത്തു അവൻ തന്റെ അമ്മയോടു, "ഞാൻ എന്റെ പിതാവിന്റെ ആലയത്തിൽ ഇരിക്കേണ്ടതല്ലയോ?" എന്നു ചോദിച്ചു (ലൂക്കൊസ് 2:49).

എങ്ങനെയായാലും, യേശു പന്ത്രണ്ടാമത്തെ വയസ്സിൽ സ്നാനമേറ്റില്ല, മുപ്പതുവയസ്സായപ്പോഴായിരുന്നു (ലൂക്കൊസ് 3:23), തന്റെ ശുശ്രൂഷ ആരംഭിക്കുന്നതിനുമുൻപു. ഈ കാര്യത്തിൽ തീർച്ചയായും, യേശു നമ്മുടെ മാതൃകയല്ല, കാരണം അവനു പാപമോചന സ്നാനം ആവശ്യമുണ്ടായിരുന്നില്ല. സ്നാനപ്പെടുന്നതിനു ആവശ്യമായവ ഒന്നും അവനു ചെയ്യേണ്ട ആവശ്യം ഇല്ലായിരുന്നു: അവനോടു ദൈവവചനം അറിയിക്കേണ്ട ആവശ്യം ഇല്ലായിരുന്നു (യോഹന്നാൻ 6:45), യേശുവിൽ വിശ്വസിക്കേണ്ട ആവശ്യമില്ലായിരുന്നു (യോഹന്നാൻ 8:24), പാപങ്ങളിൽ നിന്നു മാനസാന്തരം ആവശ്യമില്ലായിരുന്നു (പ്രവൃത്തികൾ 17:30), യേശുവിനെ ഏറ്റുപറകയും ചെയ്യേണ്ട ആവശ്യമില്ലായിരുന്നു (റോമർ 10:9, 10). പ്രശ്നം വയസ്സല്ല മനസ്സിലാക്കുവാനുള്ള കഴിവും, ആഗ്രഹവുമാണ് വേണ്ടത്. വ്യത്യസ്ത വയസ്സുകളിലാണ് യുവാക്കൾക്കു പക്വതവരുന്നത്.

സ്നാനപ്പെടുവാൻ തയ്യാറായി വരുന്നവർക്കു സ്നാനം കൊടുക്കുവാൻ തീരുമാനിക്കുമ്പോൾ ചുരുങ്ങിയതു താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ പരിഗണിക്കുന്നതു നന്നായിരിക്കും:

1. നിങ്ങൾ എന്തിനാണ് സ്നാനം ഏല്ക്കുന്നത്?
2. നിങ്ങൾ ഒരു പാപിയാണോ? നിങ്ങളുടെ പാപം നിമിത്തം ദൈവം നിങ്ങളെ ശിക്ഷിക്കുമെന്നു നിങ്ങൾ ഭയപ്പെടുന്നുണ്ടോ?

3. നിങ്ങളുടെ പാപം നിമിത്തം നിങ്ങൾ ദൈവത്തിൽ നിന്നു വേർപെട്ടിരിക്കുന്നു എന്നു നിങ്ങൾ വിശ്വസിക്കുന്നുവോ?
4. ദൈവം ഇപ്പോൾ നിങ്ങളെ വിധിക്കുകയാണെങ്കിൽ, അവൻ നിങ്ങളെ സ്വർഗ്ഗത്തിലേക്കു എടുക്കുമോ അതോ നരകത്തിലേക്കു അയക്കുമോ?
5. നിങ്ങളോടു ദൈവത്തിന്റെ മനോഭാവം എന്താണെന്നാണ് നിങ്ങൾ കരുതുന്നത്? നിങ്ങളുടെ പാപം നിമിത്തം ദൈവം നിങ്ങളിൽ നിന്നു മുഖം തിരിച്ചിരിക്കുന്നു എന്നു നിങ്ങൾ കരുതുന്നുണ്ടോ?
6. യേശു ആരാണെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? (യോഹന്നാൻ 8:24; റോമർ 10:9)?
7. ഇന്നു നിങ്ങൾ മരിക്കുകയാണെങ്കിൽ, നിങ്ങൾ പാപിയായിട്ടാണോ മരിക്കുന്നത് (യോഹന്നാൻ 8:21)?
8. എന്താണ് മാനസാന്തരം?
9. നിങ്ങളുടെ പാപമോചനത്തിനായി യേശു എന്താണ് ചെയ്തതു (മത്തായി 26:28)? നിങ്ങളുടെ പാപങ്ങൾ മോചിക്കുന്നതും കഴുകി കളയുന്നതും എന്താണ് (എബ്രായർ 9:22; വെളിപ്പാട് 1:5)? ഇതു എപ്പോൾ സംഭവിക്കുന്നു?
10. നിങ്ങൾ സ്നാനപ്പെട്ടാൽ, ഇപ്പോൾ ജീവിക്കുന്നതിലും വ്യത്യസ്തമായി നിങ്ങൾ എങ്ങനെ ജീവിക്കും?
11. നിങ്ങളുടെ പാപങ്ങൾ മോചിച്ചുകിട്ടുവാൻ നിങ്ങൾ എന്താണ് ചെയ്യേണ്ടത്?
12. നിങ്ങൾ സ്നാനം ഏല്ക്കുമ്പോൾ, യേശു നിങ്ങളുടെ കർത്താവായിത്തീരുമോ? യേശു നിങ്ങളുടെ കർത്താവാകുക എന്നാലർത്ഥം എന്താണ്?
13. നിങ്ങൾ സ്നാനമേല്ക്കുമ്പോൾ ആരുടെ സഭയിലാണ് പ്രവേശിക്കുന്നത്?
14. നിങ്ങൾ ഒരു പുതിയ ജീവിതം തുടങ്ങുവാൻ തയ്യാറായിട്ടുണ്ടോ?

പാപം നിമിത്തം ദൈവത്തിൽ നിന്നു വേർപെട്ടിരിക്കുന്നു എന്നു വിശ്വസിക്കുന്ന വ്യക്തി, താൻ പാപിയാണെന്നു തിരിച്ചറിയുന്നു. യേശു കർത്താവും രക്ഷിതാവുമാണെന്നു അയാൾ വിശ്വസിക്കുന്നുവെങ്കിൽ, അയാളുടെ പാപങ്ങൾ ക്ഷമിക്കുവാൻ കർത്താവിനു കഴിയുമെന്നും വിശ്വസിക്കണം, അയാൾ യേശുവിനെ പിൻപറ്റുവാൻ തയ്യാറാകുകയും, തന്റെ ദൈവവുമായ തെറ്റായ ബന്ധം ശരിയാക്കണമെന്നു തിരിച്ചറിയുകയും ചെയ്താൽ അയാൾ സ്നാനപ്പെടുവാൻ തയാറായി. തന്റെ പാപങ്ങൾ ദൈവം ക്ഷമിക്കുമെന്നും ദൈവത്തോടും സഹക്രിസ്ത്യാനികളോടും തനിക്കു കൂട്ടായ്മ പുലർത്തുവാനും കഴിയുമെന്നും അയാൾ മനസ്സിലാക്കണം.

### സ്നാനം ഏറ്റു കഴിഞ്ഞ ആളെ സംബന്ധിച്ചോ?

ചില ആളുകൾ തങ്ങൾ സ്നാനമേറ്റപ്പോൾ എന്താണ് ചെയ്യുന്ന

തെന്നു മനസ്സിലാക്കാതെ ചെയ്തിട്ടും അവർ രക്ഷിക്കപ്പെട്ടു എന്നു വിശ്വസിക്കുന്നവരുണ്ട്. അവർ സ്നാനം ഏറ്റപ്പോൾ ദൈവേഷ്ടം മനസ്സിലായില്ലെങ്കിൽ വചനപ്രകാരം സ്നാനം ഏല്ക്കേണ്ട ആവശ്യകത താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ നിന്നു മനസ്സിലാകും.

1. നിങ്ങൾ സ്നാനം ഏറ്റപ്പോൾ നിങ്ങൾക്കു എത്ര വയസ്സുണ്ടായിരുന്നു?
2. നിങ്ങൾ മുങ്ങിയാണോ സ്നാനം ഏറ്റത്?
3. നിങ്ങൾ സ്വയമായി ബൈബിൾ പഠിച്ചതാണോ?
4. നിങ്ങളുടെ സഭയിൽ സ്നാനത്തെക്കുറിച്ചു പഠിപ്പിക്കുന്നതും പ്രസംഗിക്കുന്നതും നിങ്ങൾ മനസ്സിലാക്കിയിട്ടാണോ സ്നാനം ഏറ്റത്?
5. നിങ്ങളെ സ്നാനപ്പെടുത്തിയ ഉപദേഷ്ടാവു ഏതു വിഭാഗത്തിൽ പെട്ട ആളായിരുന്നു?
6. നിങ്ങൾ സുവിശേഷയോഗത്തിലാണോ അതിനു മുന്നിട്ടിറങ്ങിയത്?
7. നിങ്ങൾ മുന്നിട്ടിറങ്ങിയപ്പോൾ എന്തു സംഭവിച്ചു എന്നു വിവരിക്കുക. മറ്റുള്ളവർ നിങ്ങളോടുകൂടെ പ്രാർത്ഥിച്ചോ? ആരെങ്കിലും നിങ്ങളോടു "പാപിയുടെ പ്രാർത്ഥന" ചൊല്ലുവാൻ പറഞ്ഞോ?
8. നിങ്ങൾ ഇതുപോലെ ഇടവകയുടെ മുൻപാകെ ഏറ്റുപറച്ചൽ നടത്തിയോ: "ദൈവം ക്രിസ്തു നിമിത്തം എന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു"? അങ്ങനെ ആണെങ്കിൽ, നിങ്ങൾ രക്ഷിക്കപ്പെട്ടതു ഇങ്ങനെ ചെയ്തശേഷമാണ് എന്നു നിങ്ങൾ കരുതുന്നുണ്ടോ?
9. നിങ്ങൾ രക്ഷിക്കപ്പെട്ടപ്പോൾ ആളുകൾ സന്തോഷിച്ചു നിങ്ങളെ അനുമോദിച്ചോ? എപ്പോഴാണ് അവർ അങ്ങനെ ചെയ്തത്?
10. നിങ്ങൾ ഇടവകയുടെ മുൻപിൽ പോയപ്പോൾ എന്താണ് ഉപദേഷ്ടാവു നിങ്ങളുടെ ആത്മിയാവസ്ഥയെകുറിച്ച് പറഞ്ഞത്?
11. ഇതിനുശേഷം എത്ര കഴിഞ്ഞിട്ടാണ് നിങ്ങൾ സ്നാനം ഏറ്റത്?
12. നിങ്ങൾ എന്തിനാണ് സ്നാനം ഏറ്റത്?
13. ഇതു എങ്ങനെ ബൈബിളിലെ ഏക സ്നാനവുമായി താരതമ്യം ചെയ്യാം (എഫെസ്യർ 4:5)?

ആരാണ് നമ്മെ സ്നാനപ്പെടുത്തുന്നതു എന്നതിനെ ആസ്പദമാക്കിയല്ല നമ്മുടെ സ്നാനത്തിന്റെ വില കല്പിക്കുന്നത്. നമ്മുടെ മനസ്സിലാക്കലും സമർപ്പണവും ആണ് വ്യത്യാസം വരുത്തുന്നത്. ബൈബിളിലെ ഏക സ്നാനമാണ് ഏറ്റതെന്നു നാം ഉറപ്പുവരുത്തണം (എഫെസ്യർ 4:5). അനേകർ സ്നാനം എന്ന *പേരിൽ* എന്തോ എടുത്തിട്ടുണ്ട് പക്ഷെ അവർ ബൈബിളിലെ ഏക സ്നാനം എടുത്തിട്ടില്ല. ഈ ഏക സ്നാനം ലഭിച്ചിട്ടില്ലാത്തവർ അവരുടെ അഹങ്കാരം വിട്ടുകളഞ്ഞു ദൈവത്തിന്റെ ഏക സ്നാനം എടുക്കണം.

ജി. സി. ബ്രീവെർ ശരിയായി പറഞ്ഞു,

> അതുകൊണ്ടു, നാം തീർച്ചപ്പെടുത്തുന്നതു, *ആരെങ്കിലും വചനപ്രകാരം സ്നാനം ഏല്ക്കുകയാണെങ്കിൽ, അയാൾ പാപമോചനത്തിനാണ് സ്നാനം എന്നറിയണം അല്ലെങ്കിൽ ഒരു രക്ഷാ നിബന്ധനയാണെന്നു അറിയണം. ഇതു അയാൾ സ്നാനപ്പെടുമ്പോൾ അറിഞ്ഞില്ലെങ്കിൽ, അയാൾ തെറ്റായി വായിക്കുകയോ അല്ലെങ്കിൽ തെറ്റായി നയിക്കപ്പെടുകയോ ചെയ്തിരിക്കുകയാണ്.*[1]

---

കുറിപ്പ്

[1]ജി. സി. ബ്രീവെർ, *കണ്ടെന്റിങ്ങ് ഫോർ ദ ഫെയിത്ത്* (നാഷ്‌വില്ലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1941), 175–76 (എംഫസിസ് ഹിസ്).

© 2009 Truth for Today